**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 162** **14-10-2024 - ൽ മറുപടിയ്ക്ക്**

**വയനാട് പുനരധിവാസത്തിനുള്ള മാതൃക ടൗൺഷിപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വയനാട് ജില്ലയിലെ മുണ്ടക്കൈ, ചൂരൽമല ദുരന്തബാധിതരുടെ പുനരധിവാസത്തിനായി മാതൃക ടൗൺഷിപ്പ് സ്ഥാപിക്കുന്നതിനായി സർക്കാർ നിയോഗിച്ച വിദഗ്ധ സംഘം ടൗൺഷിപ്പിനായി കണ്ടെത്തിയ സ്ഥലങ്ങൾ ഏതെല്ലാമാണെന്ന് വിവരിക്കാമോ; | (എ) | മേപ്പാടി പഞ്ചായത്തിലെ ഉരുൾപ്പൊട്ടലിൽ ദുരന്ത ബാധിതരായവരെ പുനരധിവസിപ്പിക്കുന്നതിനായി 09/08/2024 ലെ സഉ(സാധാ)നം.590/2024/ ഡിഎംഡി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിയോഗിച്ച വിദഗ്ധസംഘം ചുവടെ കാണുന്ന 5 സ്ഥലങ്ങൾ പുനരധിവാസത്തിനായി ശിപാർശ ചെയ്യുകയുണ്ടായി.<br><br>1.കോട്ടനാട് എസ്റ്റേറ്റ് (കോട്ടപടി വില്ലേജ്)<br><br>2.ചുണ്ടേല എസ്റ്റേറ്റ്-ആനപ്പാറ ഡിവിഷൻ<br><br>3.നെടുമ്പാല എസ്റ്റേറ്റ് (കോട്ടപ്പടി വില്ലേജ്)<br><br>4. ചുണ്ടേല എസ്റ്റേറ്റ്<br><br>5. അരപ്പറ്റ എസ്റ്റേറ്റ്<br><br>സർവ്വേ ഡയറക്ടർ നിർദ്ദേശിച്ച ഹാരിസൺ മലയാളം ലിമിറ്റഡിന്റെ വെള്ളരിമല വില്ലേജിൽ സ്ഥിതി ചെയ്യുന്ന മൂന്ന് സ്ഥലങ്ങളും, ജില്ലാഭരണകൂടം കണ്ടെത്തിയ 4 സ്ഥലങ്ങളും ജില്ലാതല വിദഗ്ധ സംഘങ്ങളെകൊണ്ട് പരിശോധിപ്പിക്കുകയും വിദഗ്ധ സംഘം ശിപാർശ ചെയ്ത 4 സ്ഥലങ്ങളും കൂടി ഉൾപ്പെടുത്തി ചുവടെ കാണുന്ന 9 സ്ഥങ്ങളുടെ ചുരുക്കപ്പട്ടിക പുനരധിവാസത്തിനായി ഉൾപ്പെടുത്തിയിരുന്നു.<br><br>1.കോട്ടനാട് എസ്റ്റേറ്റ് (കോട്ടപടി വില്ലേജ്)<br><br>2.തഴെ അരപ്പട്ട എസ്റ്റേറ്റ് (മൂപ്പൈനാട് വില്ലേജ്)<br><br>3.ചുണ്ടേല എസ്റ്റേറ്റ് (ചുണ്ടേൽ വില്ലേജ്)<br><br>4.അനപ്പാറ എസ്റ്റേറ്റ് (ചുണ്ടേൽ വില്ലേജ്) |

| | | | |
|---|---|---|---|
| | | | 5.നെടുമ്പാല എസ്റ്റേറ്റ് (കോട്ടപ്പടി വില്ലേജ്)<br><br>6.വെള്ളരിമല എസ്റ്റേറ്റ് (വെള്ളരിമല വില്ലേജ്)<br><br>7.എൽസ്റ്റോൺ എസ്റ്റേറ്റ് (കൽപ്പറ്റ വില്ലേജ്)<br><br>8.എൽസ്റ്റോൺ എസ്റ്റേറ്റ് (ഓടത്തോട്, കൽപ്പറ്റ വില്ലേജ്)<br><br>9.എൽസ്റ്റോൺ എസ്റ്റേറ്റ് - പൂത്തകൊല്ലി (കോട്ടപ്പടി വില്ലേജ്)) |
| (ബി) | ഇതിൽ ടൗൺഷിപ്പ് സ്ഥാപിക്കാൻ ഏറ്റവും അനുയോജ്യമെന്ന് വിലയിരുത്തപ്പെട്ട സ്ഥലം സംബന്ധിച്ച വിവരങ്ങൾ അറിയിക്കാമോ; പ്രസ്തുത സ്ഥലങ്ങളിൽ സർവേ നടപടി പൂർത്തിയാക്കിയിട്ടുണ്ടോ; | (ബി) | ദുരന്ത ബാധിതരുമായി 23/08/2024 ൽ നടത്തിയ ചർച്ചയിൽ (Public Consultation) പുതിയതായി സ്ഥാപിക്കുന്ന വീടുകൾ സുരക്ഷിത സ്ഥലത്തായിരിക്കണമെന്നും, മുൻപ് താമസിച്ചിരുന്ന സ്ഥലത്തിന് അടുത്തായിരിക്കണമെന്നും, ഒരുമിച്ച് താമസിക്കുവാൻ കഴിയുന്നവിധം ആകണമെന്നും ഉപജീവനത്തിന് അനുയോജ്യമാകണമെന്നും ഉള്ള ആവശ്യങ്ങൾ ഉയർന്നുവന്നിരുന്നു. ഈ അഭിപ്രായങ്ങൾ കൂടി കണക്കിലെടുത്തും, വിദഗ്ധാഭിപ്രായം കണക്കിലെടുത്തുമാണ് മേപ്പാടി പഞ്ചായത്തിലെ നെടുമ്പാല എസ്റ്റേറ്റും, കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ എൽസ്റ്റോൺ എസ്റ്റേറ്റും ടൗൺഷിപ്പ് നിർമ്മിക്കുവാൻ ഏറ്റവും അനുയോജ്യമാണെന്ന് കണ്ടെത്തിയത്. വൈത്തിരി താലൂക്കിലെ, കോട്ടപ്പടി വില്ലേജിലെ ബ്ലോക്ക് നം. 28, സർവ്വേ നം. 366 ൽ പ്പെട്ട നെടുമ്പാല എസ്റ്റേറ്റിലെ 65.41 ഹെക്ടർ ഭൂമിയും, വൈത്തിരി താലൂക്കിലെ കൽപ്പറ്റ വില്ലേജിലെ ബ്ലോക്ക് നം. 19, സർവ്വേ നം. 88/1 ൽ പ്പെട്ട എൽസ്റ്റോൺ എസ്റ്റേറ്റിലെ 78.73 ഹെക്ടർ ഭൂമിയും ദുരന്ത നിവാരണ നിയമം 2005 പ്രകാരം possession ഏറ്റെടുക്കുന്നതിന് 04/10/2024 ലെ സഉ(കൈ)നം.11/2024/ ഡിഎംഡി പ്രകാരം തത്വത്തിൽ അംഗീകാരം നല്കിയിട്ടുണ്ട്.<br><br>പ്രസ്തുത സ്ഥലങ്ങളിൽ സർവ്വേ നടപടികൾ പൂർത്തിയായിട്ടുള്ളതാണ്. നിർദ്ദിഷ്ട ടൗൺഷിപ്പിന്റെ മാതൃക, layout എന്നിവ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | 2005-ലെ ദുരന്തനിവാരണ നിയമപ്രകാരം പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ടോ; | (സി) | സമഗ്രവും സർവ്വതലസ്പർശിയുമായ പുനരധിവാസമാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. മേപ്പാടി പഞ്ചായത്തിലെ നെടുമ്പാല എസ്റ്റേറ്റും കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ എൽസ്റ്റോൺ എസ്റ്റേറ്റും ഇതിന് ഏറ്റവും അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ സ്ഥലങ്ങൾ കാലതാമസം കൂടാതെ ദുരന്തനിവാരണ നിയമം പ്രകാരമേറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കും. |

| | | | |
|---|---|---|---|
| | | | ഭാവിയിൽ രണ്ടാമത്തെ നിലക്ക് കൂടി കണക്കാക്കി 1000 സ്ക്വയർ ഫീറ്റിൽ ഒറ്റനില വീട്ടുകളാണ് നിർമ്മിക്കുക. രണ്ടു ടൗൺഷിപ്പിലും കൂടി ഏകദേശം 1000 വീട്ടുകൾ പണിയുവാനാണ് ലക്ഷ്യം ഇടുന്നത്. പാക്കേജിൽ ജീവനോപാധികളും ഉറപ്പാക്കും. വനിതകൾക്ക് തൊഴിൽപരിശീലനവും കർഷകർക്ക് കൃഷി ചെയ്യാനുള്ള സൗകര്യവും ഇതിന്റെ ഭാഗമായിരിക്കും. വാടക കെട്ടിടങ്ങളിൽ കച്ചവടം നടത്തുന്നവരെക്കൂടി പുനരധിവാസത്തിന്റെ ഭാഗമായി സംരക്ഷിക്കും. ഗ്രാമീണ റോഡുകൾ, അങ്കണവാടി. സ്കൂൾ, പോസ്റ്റ് ഓഫീസ്, ആരോഗ്യ ക്ലിനിക്ക്, മാലിന്യ സംസ്കരണ മേഖല, കമ്മ്യൂണിറ്റി ഹബ്ബ്, പാർക്ക്, മറ്റ് സാമൂഹിക പശ്ചാത്തലങ്ങൾ അടക്കമുള്ള മറ്റ് സൗകര്യങ്ങൾ ടൗൺഷിപ്പിൽ ഒരുക്കുന്നതാണ്.<br><br>വീടും സ്ഥലവും നഷ്ടപ്പെട്ട കുടുംബങ്ങളെ ഒന്നാം ഘട്ടമായും വാസയോഗ്യമല്ലാത്ത സ്ഥലങ്ങളിൽ ഉൾപ്പെടുന്നവരെ രണ്ടാം ഘട്ടമായി പുനരധിവസിപ്പിക്കും. ഇതിനുള്ള ഗുണഭോക്താക്കളുടെ കരട് പട്ടിക പ്രസിദ്ധീകരിക്കാൻ ജില്ലാ കളക്ടറെയും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ റവന്യൂ വകുപ്പിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>പുനരധിവാസ പ്രവർത്തനങ്ങൾ കിഫ്ബി മുഖേന മുന്നോട്ടുകൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. വിവിധ വകുപ്പുകളുടെ അഭിപ്രായങ്ങൾ സമന്വയിപ്പിച്ച് ജില്ലാ ഭരണകൂടത്തിന്റെ സഹായത്തോടെ ആയിരിക്കും പദ്ധതികളുടെ നിർവ്വഹണം നടത്തുക. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു ഉന്നത അധികാര സമിതി ആയിരിക്കും പദ്ധതിക്ക് മേൽനോട്ടം വഹിക്കുക.<br><br>പദ്ധതിക്കായി സാധനസാമഗ്രികളായി സഹായങ്ങൾ വാഗ്ദാനം ചെയ്ത സ്പോൺസർമാരിൽ നിന്ന് അവ സ്വീകരിക്കുന്നതിന് പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തും. അവരുമായി പ്രത്യേക ചർച്ച നടത്തി വിശദാംശങ്ങൾ തീരുമാനിക്കും. ജനങ്ങൾ പങ്കുവച്ച നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചാകും അന്തിമതീരുമാനമെടുക്കുക. |
| (ഡി) | പുനരധിവാസ മാതൃകാ ടൗൺഷിപ്പ് പദ്ധതി എന്ന് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്നു വ്യക്തമാക്കുമോ; | (ഡി) | സമഗ്രവും സർവ്വതലസ്പർശിയുമായ പുനരധിവാസമാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. മേപ്പാടി പഞ്ചായത്തിലെ നെടുമ്പാല എസ്റ്റേറ്റും കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ എൽസ്റ്റോൺ എസ്റ്റേറ്റും ഇതിന് ഏറ്റവും അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ സ്ഥലങ്ങൾ കാലതാമസം |

| | | | |
|---|---|---|---|
| | | | കൂടാതെ ദുരന്തനിവാരണ നിയമം പ്രകാരമേറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കും.<br><br>ഭാവിയിൽ രണ്ടാമത്തെ നിലക്ക് കൂടി കണക്കാക്കി 1000 സ്ക്വയർ ഫീറ്റിൽ ഒറ്റനില വീടുകളാണ് നിർമ്മിക്കുക. രണ്ടു ടൗൺഷിപ്പിലും കൂടി ഏകദേശം 1000 വീടുകൾ പണിയുവാനാണ് ലക്ഷ്യം ഇടുന്നത്. പാക്കേജിൽ ജീവനോപാധികളും ഉറപ്പാക്കും. വനിതകൾക്ക് തൊഴിൽപരിശീലനവും കർഷകർക്ക് കൃഷി ചെയ്യാനുള്ള സൗകര്യവും ഇതിന്റെ ഭാഗമായിരിക്കും. വാടക കെട്ടിടങ്ങളിൽ കച്ചവടം നടത്തുന്നവരെക്കൂടി പുനരധിവാസത്തിന്റെ ഭാഗമായി സംരക്ഷിക്കും. ഗ്രാമീണ റോഡുകൾ, അങ്കണവാടി. സ്കൂൾ, പോസ്റ്റ് ഓഫീസ്, ആരോഗ്യ ക്ലിനിക്ക്, മാലിന്യ സംസ്കരണ മേഖല, കമ്മ്യൂണിറ്റി ഹബ്ബ്, പാർക്ക്, മറ്റ് സാമൂഹിക പശ്ചാത്തലങ്ങൾ അടക്കമുള്ള മറ്റ് സൗകര്യങ്ങൾ ടൗൺഷിപ്പിൽ ഒരുക്കുന്നതാണ്.<br><br>വീടും സ്ഥലവും നഷ്ടപ്പെട്ട കുടുംബങ്ങളെ ഒന്നാം ഘട്ടമായും വാസയോഗ്യമല്ലാത്ത സ്ഥലങ്ങളിൽ ഉൾപ്പെടുന്നവരെ രണ്ടാം ഘട്ടമായി പുനരധിവസിപ്പിക്കും. ഇതിനുള്ള ഗുണഭോക്താക്കളുടെ കരട് പട്ടിക പ്രസിദ്ധീകരിക്കാൻ ജില്ലാ കളക്ടറെയും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ റവന്യൂ വകുപ്പിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>പുനരധിവാസ പ്രവർത്തനങ്ങൾ കിഫ്ബി മുഖേന മുന്നോട്ടുകൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. വിവിധ വകുപ്പുകളുടെ അഭിപ്രായങ്ങൾ സമന്വയിപ്പിച്ച് ജില്ലാ ഭരണകൂടത്തിന്റെ സഹായത്തോടെ ആയിരിക്കും പദ്ധതികളുടെ നിർവ്വഹണം നടത്തുക. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു ഉന്നത അധികാര സമിതി ആയിരിക്കും പദ്ധതിക്ക് മേൽനോട്ടം വഹിക്കുക.<br><br>പദ്ധതിക്കായി സാധനസാമഗ്രികളായി സഹായങ്ങൾ വാഗ്ദാനം ചെയ്ത സ്പോൺസർമാരിൽ നിന്ന് അവ സ്വീകരിക്കുന്നതിന് പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തും. അവരുമായി പ്രത്യേക ചർച്ച നടത്തി വിശദാംശങ്ങൾ തീരുമാനിക്കും. ജനങ്ങൾ പങ്കുവച്ച നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചാകും അന്തിമതീരുമാനമെടുക്കുക. |
| (ഇ) | മുൻകാല പുനരധിവാസ പദ്ധതിയിൽ നിന്നും വ്യത്യസ്തമായി എന്തെല്ലാം പ്രത്യേകതകളാണ് ഇതിലൂടെ കൈവരിക്കാൻ കഴിയുന്നതെന്ന് വിശദമാക്കുമോ? | (ഇ) | സമഗ്രവും സർവ്വതലസ്പർശിയുമായ പുനരധിവാസമാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. മേപ്പാടി പഞ്ചായത്തിലെ നെടുമ്പാല എസ്റ്റേറ്റും കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ എൽസ്റ്റോൺ എസ്റ്റേറ്റും ഇതിന് ഏറ്റവും അനുയോജ്യമാണെന്ന് |

| | | | |
|---|---|---|---|
| | | | കണ്ടെത്തിയിട്ടുണ്ട്. ഈ സ്ഥലങ്ങൾ കാലതാമസം കൂടാതെ ദുരന്തനിവാരണ നിയമം പ്രകാരമേറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കും.<br><br>ഭാവിയിൽ രണ്ടാമത്തെ നിലക്ക് കൂടി കണക്കാക്കി 1000 സ്ക്വയർ ഫീറ്റിൽ ഒറ്റനില വീടുകളാണ് നിർമ്മിക്കുക. രണ്ടു ടൗൺഷിപ്പിലും കൂടി ഏകദേശം 1000 വീടുകൾ പണിയുവാനാണ് ലക്ഷ്യം ഇടുന്നത്. പാക്കേജിൽ ജീവനോപാധികളും ഉറപ്പാക്കും. വനിതകൾക്ക് തൊഴിൽപരിശീലനവും കർഷകർക്ക് കൃഷി ചെയ്യാനുള്ള സൗകര്യവും ഇതിന്റെ ഭാഗമായിരിക്കും. വാടക കെട്ടിടങ്ങളിൽ കച്ചവടം നടത്തുന്നവരെക്കൂടി പുനരധിവാസത്തിന്റെ ഭാഗമായി സംരക്ഷിക്കും. ഗ്രാമീണ റോഡുകൾ, അങ്കണവാടി. സ്കൂൾ, പോസ്റ്റ് ഓഫീസ്, ആരോഗ്യ ക്ലിനിക്ക്, മാലിന്യ സംസ്കരണ മേഖല, കമ്മ്യൂണിറ്റി ഹബ്ബ്, പാർക്ക്, മറ്റ് സാമൂഹിക പശ്ചാത്തലങ്ങൾ അടക്കമുള്ള മറ്റ് സൗകര്യങ്ങൾ ടൗൺഷിപ്പിൽ ഒരുക്കുന്നതാണ്.<br><br>വീടും സ്ഥലവും നഷ്ടപ്പെട്ട കുടുംബങ്ങളെ ഒന്നാം ഘട്ടമായും വാസയോഗ്യമല്ലാത്ത സ്ഥലങ്ങളിൽ ഉൾപ്പെടുന്നവരെ രണ്ടാം ഘട്ടമായി പുനരധിവസിപ്പിക്കും. ഇതിനുള്ള ഗുണഭോക്താക്കളുടെ കരട് പട്ടിക പ്രസിദ്ധീകരിക്കാൻ ജില്ലാ കളക്ടറെയും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ റവന്യൂ വകുപ്പിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>പുനരധിവാസ പ്രവർത്തനങ്ങൾ കിഫ്ബി മുഖേന മുന്നോട്ടുകൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. വിവിധ വകുപ്പുകളുടെ അഭിപ്രായങ്ങൾ സമന്വയിപ്പിച്ച് ജില്ലാ ഭരണകൂടത്തിന്റെ സഹായത്തോടെ ആയിരിക്കും പദ്ധതികളുടെ നിർവ്വഹണം നടത്തുക. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു ഉന്നത അധികാര സമിതി ആയിരിക്കും പദ്ധതിക്ക് മേൽനോട്ടം വഹിക്കുക.<br><br>പദ്ധതിക്കായി സാധനസാമഗ്രികളായി സഹായങ്ങൾ വാഗ്ദാനം ചെയ്ത സ്പോൺസർമാരിൽ നിന്ന് അവ സ്വീകരിക്കുന്നതിന് പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തും. അവരുമായി പ്രത്യേക ചർച്ച നടത്തി വിശദാംശങ്ങൾ തീരുമാനിക്കും. ജനങ്ങൾ പങ്കുവച്ച നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചാകും അന്തിമതീരുമാനമെടുക്കുക. |

സെക്ഷൻ ഓഫീസർ